പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3360

16.12.2015 ലെ മറുപടിയ്ക്ക്

## കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിന ശേഷം നാളിതുവരെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ ; | (എ) & (ബി) ഈ സർക്കാർ അധികാരമേറ്റതിന ശേഷം കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് കൃഷി വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം നാളിതുവരെ ലഭിച്ചു; വിശദാംശം വ്യക്തമാക്കുമോ ; | |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എൻഡോസൾഫാൻ ദുരിതബാധിതർ മരണപ്പെടുകയും ആത്മഹത്യ ചെയ്യുകയും ഉണ്ടായി; മരണപ്പെടുന്നവരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) 1109 പേർ നാളിതുവരെ എൻഡോസൾഫാൻ ദുരിതബാധിതരായി മരിച്ചിട്ടുണ്ട്. മരിച്ചവരിൽ 670 പേരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരം ഉള്ള പ്രത്യേക ധനസഹായമായി 19.74 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ ; | (ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കാർഷിക കടങ്ങൾ ഉൾപ്പെടെയുള്ള കടങ്ങൾ എഴുതിത്തള്ളുന്ന വിഷയം പഠിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സമിതി രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി മാനദണ്ഡങ്ങൾ ബാധകമാക്കി 10.10.2014 ലെ സ.ഉ.(എംഎസ്) നം.298/14/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ കടങ്ങൾ സംബന്ധിച്ച് ലഭിച്ച അപേക്ഷകൾ ബാങ്കുകളുമായി ബന്ധപ്പെട്ട് പരിശോധിക്കുകയും 50,000/- രൂപയ്ക്ക് മുകളിൽ കടബാദ്ധ്യതകൾ ഉള്ള വ്യക്തികളെ മൂന്ന് ഘട്ടങ്ങളിലായി ഹിയറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടാശ്വാസത്തിനായി 10,90,76,648/- രൂപ ആവശ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

(ഇ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഈ സർക്കാർ പ്രഖ്യാപിക്കുന്ന കാർഷിക കടങ്ങൾ എഴുതി തള്ളൽ/കാർഷിക കടങ്ങൾക്കുള്ള മോറട്ടോറിയം/മറ്റ് സഹായങ്ങൾ എന്നിവ ലഭ്യമാക്കുന്നില്ലെന്ന വ്യാപകമായ പരാതിയും മാധ്യമ വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ ?

(ഇ) & (എഫ്) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് മാനദണ്ഡങ്ങൾ ബാധകമാക്കി 10.10.2014 ലെ സ.ഉ.(എംഎസ്)നം.298/14/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷവും ചില ബാങ്കുകൾ ദുരിതബാധിതരുടെ കടബാദ്ധ്യതകൾക്കെതിരെ ജപ്തി മുതലായ നടപടികൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് കടാശ്വാസ നടപടികൾ പൂർത്തിയാകുന്നതു വരെ ദുരിതബാധിതരുടെ കടബാദ്ധ്യതക്കെതിരെ ജപ്തി മുതലായ നടപടികൾ സ്വീകരിക്കുവാൻ പാടില്ലെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ